**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പിഒ, തിരുവനന്തപുരം പിൻ– **695035**

ഫോൺ: **0471 2302490** ഫാക്സ്: **0471 2303025 / 2303080**

ഇമെയിൽ: **dhskerala.hlth@kerala.gov.in** വെബ്സൈറ്റ്: **www.dhs.kerala.gov.in**

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ മിഥുൻ മോഹൻദാസ്, അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു..

പരാമർശം:- 1. നം**DMOH-PTA/4116/2024-A4(1)** തീയതി.**22.10.2024**

2. കാരണം കാണിക്കൽ നോട്ടീസ് നം **DHS/10176/2025-EA4** തീയതി **15.04.2025**

3. ഡോ മിഥുൻ മോഹൻദാസ് സമർപ്പിച്ച അപേക്ഷ തീയതി **03.05.2025**

**ഉത്തരവ് നം. DHS/10176/2025-EA4 തീയതി.12-08-2025**

ഡോ മിഥുൻ മോഹൻദാസ് (**Dr Mithun Mohandas, PEN 895586,), 14.09.2020** ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. പത്തനംതിട്ട ഏനാദിമംഗലം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിൽ തുടരവെ **11.06.2024** മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം **(1)** പ്രകാരം പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ക് (**work and conduct)** തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം **(2)** പ്രകാരം നോട്ടീസ് നൽകി. പ്രസ്തുത നോട്ടീസിന് പരാമർശം **(3)** പ്രകാരം മറുപടി സമർപ്പിച്ചിരിക്കുന്നു. ആരോഗ്യ വകുപ്പിൽ സേവനത്തിൽ തുടരുന്നതിന് കഴിയുന്നില്ലെന്നും അസിസ്റ്റന്റ് സർജൻ തസ്തികയിൽ നിന്നും രാജി വയ്ക്കുന്നതായി കണക്കാക്കണമെന്നും രേഖപ്പെടുത്തിയിരിക്കുന്നു.

**(2).** ഡോ മിഥുൻ മോഹൻദാസ് സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. പ്രൊബേഷൻ കാലയളവിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുക്കുകയും അച്ചടക്ക നടപടിയുടെ ഭാഗമായി നൽകിയ കാരണം കാണിക്കൽ നോട്ടീസിന്

രാജിവയ്ക്കുന്നതായി അറിയിക്കുകയും ചെയ്ത ടിയാളുടെ മറുപടി പരിഗണനാർഹമല്ല. ടി സാഹചര്യത്തിൽ **11.06.2024** തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ മിഥുൻ മോഹൻദാസ് അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്റ്റ് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

**(3).** ആയതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് **II** ചട്ടം **19 (a) (ii)** പ്രകാരം ഡോ മിഥുൻ മോഹൻദാസ് അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 12-08-2025 07:42:39

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Mithun Mohandas,**

**Sree sadmam, Vayalar PO**

**Cherthala, Alappuzha- 688536.**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
പത്തനംതിട്ട.
3. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്,
സാമൂഹികാരോഗ്യ കേന്ദ്രം ഏനാദിമംഗലം, പത്തനംതിട്ട.
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. ഫയൽ